# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സർവ്വകലാശാല പഠനവകുപ്പുകളിലേയും അഫിലിയേറ്റഡ് കോളേജുകളിലേയും M.Sc ബയോഫിസിക്സ്, ബയോടെക്നോളജി, ബയോകെമിസ്ട്രി, മൈക്രോബയോളജി എന്നീ കോഴ്സുകളിലെ പ്രവേശനത്തിന് അവയുടെ ഫീഡർ കോഴ്സുകളായ B.Sc ബയോഫിസിക്സ്, ബയോടെക്നോളജി, ബയോകെമിസ്ട്രി, മൈക്രോ ബയോളജി കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് 10% വെയിറ്റേജ് നൽകി ഉത്തരവാകുന്നു

---

## അക്കാദമിക് എ IX വിഭാഗം

സ.ഉ.നം.6094/Ac A IX/2/ M.Sc/2017 . തീയതി, പി ഡി ഹിൽസ്, 14.10.2017

---

സൂചന:- (1) Students, BSc Microbiology Association ശ്രീശങ്കര കോളേജ് കാലടി സമർപ്പിച്ച അപേക്ഷ.

(2) Dr.Joythis Mathew, ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് മൈക്രോബയോളജി (U.G) സമർപ്പിച്ച 29.06.2017 ലെ മറുപടി.

(3) 14.08.2017 ന് കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നമ്പർ 76/Ac.17/17267

(4) 25.09.2017 ൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ യോഗനടപടി ക്കുറിപ്പ് ഇനം നമ്പർ 03.

(5) ബഹു. വൈസ് ചാൻസലറുടെ 04.10.2017 ലെ ഉത്തരവ്.

## ഉത്തരവ്

സൂചന (1) പ്രകാരം BSc മൈക്രോബയോളജി അസോസിയേഷൻ സ്റ്റുഡന്റ്സ് ശ്രീശങ്കര കോളേജ്, കാലടി സമർപ്പിച്ച അപേക്ഷയിൽ MSc Microbiology പ്രോഗ്രാമിന്റെ പ്രവേശനത്തിന് ലൈഫ് സയൻസ് Scheme ൽ പഠിച്ച എല്ലാ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാ മെന്നതിനാൽ BSc മൈക്രോബയോളജി പഠിച്ച കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുവാൻ പ്രയാസമാണെന്നും കൂടാതെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ Aided വിഭാഗത്തിൽ MSc മൈക്രോബയോളജി നിലവിലുള്ളത് കാലടി ശ്രീശങ്കര കോളേജിൽ മാത്ര മാണെന്നും എന്നാൽ BSc മൈക്രോബയോളജി മികച്ച രീതിയിൽ പാസായ കുട്ടികൾക്ക് പോലും ടി കോഴ്സിന് അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടെന്നും പ്രസ്താവിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ BSc Microbiology പാസായ കുട്ടികൾക്ക് MSc Microbiology ക്ക് ഈ വർഷത്തെ അഡ്മിഷൻ മുതൽ പ്രവേശനത്തിന് പ്രത്യേക പരിഗണന നൽകണമെന്നും ടി വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരിക്കുന്നു.

MSc മൈക്രോബയോളജി പ്രോഗ്രാമിന് നിലവിലുള്ള പ്രവേശനയോഗ്യത താഴെപ്പറയും പ്രകാരമാണ്.

"Graduation in Biological Sciences viz, Zoology, Botany, Biochemistry, Biophysics, Biotechnology, Biological Techniques and Specimen preparation and Microbiology or Chemistry under Core Group (Core + Complementary + Open Courses) or Medical Microbiology/MLT with not less than CCPA 5.00 out of 10.00. Weightage of 10% Marks Scored by the Candidate in part III (Core/Main) shall be added to the total of part III Subjects for those Candidates who have taken Subjects which come under Biological Science's viz, Botany, Biochemistry, Biophysics, Biotechnology, Microbiology and Zoology.

ടി പ്രവേശന യോഗ്യതയിൽ പറയുന്ന weightage ന് പുറമേ BSc Microbiologyപാസായ വിദ്യാർത്ഥി കൾക്ക് പ്രത്യേക പരിഗണ നൽകണമെന്നാണ് കാലടി ശ്രീശങ്കര കോളേജ് BSc Microbiology സ്റ്റുഡൻസ് അസോസിയേഷൻ ആവശ്യപ്പെട്ടിരിക്കുന്നത്. വിദ്യാർത്ഥികളുടെ അപേക്ഷയിൻമേൽ ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് മൈക്രോബയോളജി (യു.ജി) യുടെ അഭിപ്രായം ആരാഞ്ഞിരുന്നു.

സൂചന (2) പ്രകാരം ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് മൈക്രോബയോളജി (യു.ജി). സമർപ്പിച്ച മറുപടിയിൽ 'മുൻപ് BSc മൈക്രോബയോളജി പ്രോഗ്രം കുറച്ച് കോളജുകളിൽ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നാൽ ഇപ്പോൾ വളരെയധികം കുട്ടികൾ BSc Microbiology പാസായ ശേഷം MSc Microbiology പ്രവേശന ത്തിനായി അപേക്ഷ നൽകുന്നു. കൂടാതെ BSc Microbiology പാസാകുന്ന വിദ്യാർത്ഥികൾക്ക് MSc Zoology,

Botanty എന്നിവയ്ക്ക് അഡ്മിഷൻ കിട്ടുന്നുമില്ല. നിലവിൽ ലൈഫ് സയൻസ് ബ്രാഞ്ചിലുള്ള എല്ലാ ഡിഗ്രി പാസായവർക്കും 10% വെയിറ്റേജ് MSc Microbiology അഡ്മിഷന് ലഭിക്കുന്നു. അതിനാൽ തന്നെ BSc Microbiology പാസാകുന്നവർക്ക് പ്രത്യേക പരിഗണന കിട്ടുന്നില്ല' എന്നും അതിനാൽ BSc Microbiology പാസാകുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനകൊടുത്ത് 10% വെയിറ്റേജ് Part III Core/Main Microbiology എടുത്തവർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും ശിപാർശചെയ്തിട്ടുണ്ട്.

വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസറുടെ 11.07.2017 ലെ ഉത്തരവ് പ്രകാരം ടി വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

സൂചന (3) പ്രകാരം 14.08.2017 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗം ടി വിഷയം അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കും ശുപാർശകൾക്കുമായി സമർപ്പിക്കുവാൻ തീരുമാനിച്ചു.

സൂചന (4) പ്രകാരം 25.09.2017 ൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിഷയം പരിഗണിക്കുകയും താഴെ പറയും പ്രകാരം ശിപാർശ നൽകുകയുമുണ്ടായി.

''സർവ്വകലാശാല പഠനവകുപ്പുകളിലേയും അഫിലിയേറ്റഡ് കോളേജുകളിലേയും എം.എസ്.സി ബയോഫിസിക്സ്, ബയോടെക്നോളജി, ബയോകെമിസ്ട്രി, മൈക്രോബയോളജി എന്നീ കോഴ്സുകളിലെ പ്രവേശനത്തിന് അവയുടെ ഫീഡർ കോഴ്സുകളായ ബി.എസ്.സി ബയോഫിസിക്സ്, ബയോടെക്നോളജി, ബയോകെമിസ്ട്രി, മൈക്രോബയോളജി കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികൾക്ക് 10% വെയിറ്റേജ് നൽകുന്നതിന് ശുപാർശ ചെയ്യുന്നു. നിലവിലെ റെഗുലേഷൻ അനുസരിച്ച് ബി.എസ്.സി ബോട്ടണി, സുവോളജി യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ എം.എസ്.സി കോഴ്സുകൾക്ക് നൽകിയിരുന്ന 10% വെയിറ്റേജ് നിർത്തലാക്കുന്നതിന് ശിപാർശ ചെയ്യുന്നു''.

സൂചന (5) പ്രകാരം ബഹു.വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ 3 സെക്ഷൻ 10(17) പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് ടി ശിപാർശ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ്കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1. വി.സി യുടെ പി എസ്
2. പി.വി.സി യുടെ പി എസ്
3. രജിസ്ട്രാർ/പരീക്ഷാകൺട്രോളർ എന്നിവരുടെ പി എമാർ
4. ജെ.ആർ III /ഡി.ആർ II/എ.ആർ XII (പരീക്ഷാവിഭാഗം)
5. Ac. B VI/Ac. B VII (CAP Prospectus ൽ മാറ്റം വരുത്തുന്നതിനുവേണ്ടി)
6. CBCSS സെക്ഷൻ
7. എസി.സി സെക്ഷൻ/ എസി.എ I/ എസി.എ VIII/ എസി.എ V
8. EH XV/EB IX
9. കണ്ടന്റ്മാനേജ്മെന്റ്/ഐ.ക്യു.എ.സി
10. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ. Ac.AIX/2/3123/ MSc Microbiology/2017